**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2743 — 17.10.2016 ൽ മറുപടിയ്ക്ക്

## ദുരൂഹമരണത്തിൽ പുനരന്വേഷണത്തിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. എം. മണി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ശ്രീമതി. ലീലാമ്മ തങ്കച്ചൻ, കളപ്പുരയ്ക്കൽ, പുറ്റടി എന്നയാൾ ടിയാളുടെ മകൾ ജിൻസി, പേരക്കുട്ടി അലിയ എന്നിവരുടെ ദുരൂഹമരണം അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ നിവേദനം ലഭിച്ചത് എന്നാണെന്നും നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദീകരിക്കാമോ; | (എ) ലഭിച്ചിട്ടുണ്ട്. ടി പരാതി ഇടുക്കി ജില്ലാ പോലീസ് മേധാവിക്ക് അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വണ്ടൻമേട് പോലീസ് സ്റ്റേഷനിൽ ക്രൈം 101/16 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വന്നിരുന്നതും തുടർന്ന് Sec. 174 CrPC മാറ്റി, Sec. 306, 34 IPC കൂട്ടിചേർത്തു. ഒന്നാം പ്രതി ഷിബുവിനെയും രണ്ടാംപ്രതി ബിൻസിയെയും 24.03.2016 തീയതി അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും, ബഹു. കോടതി പ്രതികളെ റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്. ഈ കേസിൽ കൃത്യത്തിൽ ഉൾപ്പെട്ട 14 വയസുള്ള കുട്ടിയെ 05.05.2016 തീയതി നിയമാനുസരണം Juvenile Justice Board മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും, 12.05.2016 തീയതി Juvenile Justice Board മുമ്പാകെ ഹാജരാകണമെന്ന് നിർദ്ദേശിച്ച് അന്ന് തന്നെ ടി കുട്ടിയെ വിട്ടയച്ചിട്ടുണ്ട്. അന്വേഷണത്തിൽ അപാകതകളൊന്നും ഇതുവരെ കണ്ടെത്തിയിട്ടില്ല. |
| (ബി) പ്രസ്തുത ദുരൂഹ മരണത്തിൽ പുനരന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇപ്പോൾ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) പുനരന്വേഷണം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ